ചാണ്ടിയുടേത്, ദാരിദ്ര്യത്തോടാണ് അദ്ദേഹം ആദ്യം പോരാടിയത്. പിന്നീട് ജീവിതസാഹചര്യങ്ങളോടും പ്രതിസന്ധികളോടും പോരാടി വിജയിച്ച വിസ്മയകരമായ ഒരു ചരിത്രമാണ് അദ്ദേഹത്തിനുള്ളത്. തന്നെ കാർന്നുതിന്നുന്ന രോഗത്തോടുപോലും അവസാനനിമിഷം വരെ പോരാടുവാൻ മനോധൈര്യം കാണിച്ച ഒരു വ്യക്തിയാണ് അദ്ദേഹം. രോഗത്തിൽ നിന്നും മോചിതനായി അദ്ദേഹം ഈ സഭയിൽ വന്ന് ചർച്ചകളിലൊക്കെ പങ്കെടുത്തത് ഞാൻ ഓർക്കുകയാണ്. അന്ന് ഞങ്ങളൊക്കെ അടുത്തുപോയി ചോദിച്ചപ്പോൾ ഇനി അമേരിക്കയിൽ ഇടയ്ക്ക് പോയി ചികിത്സ ചെയ്താൽ മതിയെന്നാണ് അദ്ദേഹം പറഞ്ഞത്. പക്ഷേ, ഇത്ര പെട്ടെന്ന് നമ്മളെയെല്ലാം വിട്ടുപിരിയുമെന്ന് നമ്മളാരും കരുതിയിരുന്നതല്ല. ലോക മലയാളിയായിരുന്നു അദ്ദേഹം. അദ്ദേഹം സഞ്ചരിക്കാത്ത ലോകരാജ്യങ്ങളില്ല. അദ്ദേഹം ഈ സഭയിൽ സംസാരിക്കുമ്പോഴെല്ലാം ലോകത്തിൽ അദ്ദേഹം കണ്ട കാര്യങ്ങളെപ്പറ്റി വിശദമായി പ്രതിപാദിക്കുന്നത് നമ്മളെല്ലാവരും കണ്ടിട്ടുണ്ട്. താൻ കണ്ട വികസിത രാജ്യങ്ങളോടൊപ്പം കേരളത്തിനും ഇന്ത്യയ്ക്കും എത്താൻ കഴിയുമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ഇവിടത്തെ മനുഷ്യവിഭവശേഷിയും സുന്ദരമായ പ്രകൃതിയും കാലാവസ്ഥയും മറ്റ് വിഭവങ്ങളും കേരളത്തെ ലോകത്തെ

ജനപ്രതിനിധിയായി കുട്ടനാടിന്റെ വികസനത്തിന് അതുല്യമായ സംഭാവനകൾ നൽകി. 2011-ലും 2016-ലും അദ്ദേഹത്തെ കാത്തിരുന്നത് ഉജ്ജ്വലമായ വിജയങ്ങളാണ്. കുട്ടനാട് പോലുള്ള മണ്ഡലത്തിൽ ഒരാൾ തുടർച്ചയായി മൂന്നുതവണ വിജയിക്കുക, അതും ഉജ്ജ്വലമായ വിജയം കൈവരിക്കുക എന്നത് അനിതരസാധാരണമായ ഒന്നുതന്നെയാണെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. കുട്ടനാട്ടിലെ ജനങ്ങളുടെ ജീവത്തായ പ്രശ്നങ്ങളിൽ അദ്ദേഹത്തിന്റെ പ്രതികരണം എന്തായിരുന്നു എന്നത് എനിക്ക് മുമ്പ് ഇവിടെ സംസാരിച്ചവർ ചൂണ്ടിക്കാണിക്കുകയുണ്ടായി. സർക്കാർ നടപടിക്ക് അദ്ദേഹം ഒരിക്കലും കാത്തുനിന്നില്ല. എല്ലാ കാര്യങ്ങളുടെയും നിർവ്വഹണത്തിനായി അദ്ദേഹം തന്നെ മുന്നിട്ടിറങ്ങുകയായിരുന്നു. സ്വന്തം സമ്പത്തുതന്നെ അതിനുവേണ്ടി വിനിയോഗിക്കാൻ യാതൊരു മടിയും അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ നിര്യാണ സന്ദർഭത്തിൽ, വസതിയിലേയ്ക്ക്, ആലപ്പുഴ നഗരത്തിലേയ്ക്ക്, സംസ്കരിച്ച ആരാധനാലയത്തിലേയ്ക്ക് കുട്ടനാട്ടിലും സമീപ പ്രദേശങ്ങളിൽ നിന്നും പതിനായിരക്കണക്കിന് ജനങ്ങളാണ് ഒഴുകിയെത്തിയത്. ഇത് അദ്ദേഹത്തിന്റെ സ്വാധീനം വിളിച്ചറിയിക്കുന്ന എന്നുള്ളതാണ് യാഥാർത്ഥ്യം. അദ്ദേഹം ഒന്നാന്തരം രാഷ്ട്രീയ പ്രവർത്തകനും എന്നാൽ ഏറ്റവും നല്ലൊരു

പെട്ടിയുമായി കുവൈറ്റിലിറങ്ങിയ അദ്ദേഹം ഒരു സാമ്രാജ്യം വെട്ടിപ്പിടിച്ചു എന്നുള്ളതാണ് ഏറ്റവും വലിയ പ്രത്യേകത. അദ്ദേഹം എം.എൽ.എ. ആകുന്നതിന് മുമ്പ് കുവൈറ്റ് ചാണ്ടി എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. അതുകൊണ്ടുതന്നെ അദ്ദേഹം അന്ത്യയാത്രയ്ക്ക് ഒരുങ്ങുമ്പോൾ കുവൈറ്റിലെ മുഴുവൻ ഭരണാധികാരികളും അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിക്കുവാൻ നാട്ടിൽ എത്തിയിരുന്നു എന്നുള്ളത് ഒരു പ്രധാന സംഗതിയാണ്. കുവൈറ്റിലും സൗദി അറേബ്യയിലും പ്രമുഖമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചുനടത്തുകയും അതോടൊപ്പംതന്നെ പ്രവാസികൾക്ക് എല്ലാവിധത്തിലും ഒരു അത്താണിയായി പ്രവർത്തിക്കുവാനും അദ്ദേഹത്തിന് സാധിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രവർത്തകനായി വരികയും പിന്നീട് ഇടതുമുന്നണിയുമായി ചേർന്ന് പ്രവർത്തിക്കുകയും ചെയ്യുമ്പോഴും, ഇപ്പുറത്തായിരുന്നപ്പോഴും അപ്പുറത്തായിരുന്നപ്പോഴും അദ്ദേഹം ചെയ്തിരുന്ന കാര്യം, നല്ല കാര്യങ്ങൾ ഏത് വന്നാലും ഈ സഭയിൽ പാർട്ടി മറന്ന് അഭിപ്രായം പറയുമായിരുന്നു. ഞങ്ങൾ ഭരണപക്ഷത്തും അദ്ദേഹം പ്രതിപക്ഷത്തുമിരുന്ന അവസരത്തിലൊക്കെ പലപ്പോഴും നല്ല കാര്യങ്ങളോട് യോജിച്ച് ഒറ്റപ്പെട്ട രീതിയിൽ അദ്ദേഹം ഞങ്ങളെ പിന്താങ്ങിയിരുന്നത് വളരെ നന്ദിപൂർവ്വം ഈ അവസരത്തിൽ സ്മരിക്കുകയാണ്. അദ്ദേഹത്തിന്റെ വേർപാടിലൂടെ പ്രവാസികൾക്കും അതുപോലെ

രാഷ്ട്രീയരംഗത്ത് മൂല്യങ്ങൾ മുറുകെ പിടിക്കുന്നവർക്കും വലിയ ദുഃഖമാണ് അനുഭവപ്പെട്ടത്. കേരളത്തിൽ മാത്രമല്ല, ലോകത്തെമ്പാടും അദ്ദേഹത്തിന് വലിയ സുഹൃത്‌വലയമുണ്ടായിരുന്നു. അത് എപ്പോഴും കാത്തുസൂക്ഷിക്കാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. സൗദി അറേബ്യയിലും കുവൈറ്റിലുമുള്ള പ്രവാസികളോട് പ്രത്യേകിച്ച് എന്റെ പാർട്ടിയുമായി ബന്ധപ്പെട്ട കെ.എം.സി.സി.-യുടെ ഭാരവാഹികളുമായി അദ്ദേഹം പുലർത്തിയിരുന്ന ബന്ധം, അതോടൊപ്പം മുസ്ലീംലീഗിലെ സമുന്നതരായ നേതാക്കളുമായി അദ്ദേഹം പുലർത്തിയിരുന്ന വളരെ ഊഷ്മളമായ ബന്ധങ്ങൾ ഈ അവസരത്തിൽ ഞാൻ സ്മരിക്കുകയാണ്. ഈ സഭയ്ക്ക് മാത്രമല്ല, ലോകത്തിനുതന്നെ നഷ്ടമാണ്. ഒരു വിശ്വപൗരൻ എന്ന് വിശേഷിപ്പിക്കുന്നില്ലെങ്കിലും ലോകത്തെമ്പാടും വേരുകളിറങ്ങിയ പൊതു പ്രവർത്തകൻ, കുട്ടനാട്ടുകാരുടെ പ്രിയപ്പെട്ട പൊതുപ്രവർത്തകൻ. അദ്ദേഹത്തിന്റെ മുറ്റത്ത് എത്തുന്ന ആർക്കും ഒരു അത്താണിയായി മാറിയ, ആശ്വാസമായി മാറിയ മനുഷ്യസ്നേഹിയുടെ വേർപാടിൽ ഞാനും എന്റെ പാർട്ടിയും അഗാധമായ ദുഃഖം രേഖപ്പെടുത്തുകയാണ്. അദ്ദേഹത്തിന്റെ പാർട്ടിയായ എൻ.സി.പി.-യോടും സന്തപ്ത കുടുംബാംഗങ്ങളോടുമുള്ള വേദന ഞങ്ങൾ പങ്കിടുന്നു. അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ഇവിടെ സൂചിപ്പിച്ചതുപോലെ, ജീവിത പ്രാരാബ്ധങ്ങളുമായി പടവെട്ടുമ്പോൾ മറ്റ് കാര്യങ്ങളിലേയ്ക്ക് തിരിഞ്ഞുപോകാൻ അദ്ദേഹം നിർബന്ധിതനാവുകയാണുണ്ടായത്. നാട്ടിൽനിന്നും വിദേശത്തേയ്ക്ക് പോയാൽ രാഷ്ട്രീയമെല്ലാം മറന്ന് ആ മേഖലയിൽ മാത്രം പ്രവർത്തിച്ച് കഴിവ് തെളിയിക്കുന്ന സ്വഭാവമാണ് പലർക്കുമുള്ളതെങ്കിലും അതിൽ ഒരാളായി തോമസ് ചാണ്ടി മാറിപ്പോകുമെന്നാണ് എല്ലാവരും കരുതിയിരുന്നത്. എന്നാൽ അദ്ദേഹം അദ്ദേഹത്തിന്റെ പാർട്ടിയുമായുള്ള ബന്ധം എല്ലാക്കാലത്തും സ്ഥിരമായി നിലനിർത്താൻ ശ്രമിച്ചിട്ടുണ്ടെന്ന് ഇവിടെ പരോക്ഷമായെങ്കിലും പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ നേതാവാരാണെന്ന് ചോദിച്ചാൽ, ലീഡർ കെ. കരുണാകരനാണെന്ന് ഉറക്കത്തിൽപ്പോലും അദ്ദേഹം വിളിച്ചുപറയും. കെ. കരുണാകരന്റെ കടുത്ത ആരാധകനായി മാറിയ അദ്ദേഹം, ഡി.ഐ.സി. രൂപീകരിച്ച കാലത്ത് 2006-ൽ കുട്ടനാട്ടിൽ ഡി.ഐ.സി. സ്ഥാനാർത്ഥിയായി മത്സരിച്ചു. ആദ്യമത്സരത്തിൽത്തന്നെ അദ്ദേഹം കുട്ടനാടിന്റെ രാഷ്ട്രീയ ഭൂപടത്തെ മാറ്റിമറിച്ചുകൊണ്ട് അവിടത്തെ എം.എൽ.എ. ആയി തെരഞ്ഞെടുക്കപ്പെട്ടു. പിന്നീടാണ് അദ്ദേഹം ഞങ്ങളുമായി കൂടുതൽ ബന്ധപ്പെടുന്നത്. അദ്ദേഹം കെ.

ഭാഗം സാധാരണക്കാരന് നൽകണമെന്നത് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്ന ഒരു കാര്യമാണ്. പണമുണ്ടാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നുവെങ്കിൽ അതിന്റെ ഒരു ഭാഗം ആവശ്യക്കാരനും സാധാരണക്കാരനും പാവപ്പെട്ടവനും നൽകാനുള്ള മനസ്സ് അദ്ദേഹം വച്ചുപുലർത്തിയിരുന്നു. അത് എല്ലാ വ്യവസായികൾക്കും ഉണ്ടാകണമെന്നില്ല, അത് അദ്ദേഹത്തിന് ഉണ്ടായിരുന്നുവെന്നത് ഒരു വലിയ യാഥാർത്ഥ്യമാണ്. വിവിധ തലങ്ങളിലുള്ള അദ്ദേഹത്തിന്റെ സംഭാവനകൾ, വിദ്യാഭ്യാസ മേഖലയിൽ വിവിധ സ്കൂളുകൾ സ്ഥാപിച്ചതൊക്കെ ഗൾഫ് മലയാളികൾക്ക് ഏറെ പ്രയോജനപ്പെട്ട ഒന്നുതന്നെയാണ്. അദ്ദേഹത്തിന് നാട്ടിലും ടൂറിസം മേഖലയിലും മറ്റും വിവിധ സംരംഭങ്ങളുണ്ടായിരുന്നു. നിയമസഭാ സാമാജികനെന്ന നിലയിലുള്ള അനുഭവങ്ങൾ പങ്കുവയ്ക്കുവാനും അത് പ്രായോഗികതലത്തിൽ കൊണ്ടുവരുവാനുമൊക്കെ അദ്ദേഹം പരിശ്രമിച്ചിരുന്നുവെന്നത് വാസ്തവമാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. അദ്ദേഹത്തിന്റെ വേർപാടിലുള്ള അനുശോചനം രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടെ ദുഃഖത്തോടൊപ്പം ഞാനും പങ്കുചേരുകയാണ്.

മതങ്ങൾക്കെല്ലാം അതീതമായി ജനങ്ങൾക്ക് ബോദ്ധ്യമാകുന്നതും അതുകൊണ്ടുതന്നെയാണ്. കുട്ടനാട്ടിൽ അദ്ദേഹത്തിന്റെ മൃതശരീരത്തിൽ ആദരാഞ്ജലി അർപ്പിക്കാൻ ഞങ്ങൾ എല്ലാവരുമുണ്ടായിരുന്നു. അവിടെ ഒഴുകിയെത്തിയതിൽ എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങളുമുണ്ടായിരുന്നു. അവരുടെ മുഖവും ഹൃദയവും കാണുമ്പോൾ, കുട്ടനാട്ടിലെ ജനങ്ങളും അദ്ദേഹവും തമ്മിലുണ്ടായിരുന്ന ഹൃദയബന്ധം എന്തായിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. വാണിജ്യ-വ്യവസായരംഗത്തും സുപ്രധാനമായ പങ്ക് വഹിച്ച, വ്യവസായ ഭൂപടത്തിൽ ഒരു സ്ഥാനം ഉറപ്പിക്കാൻ കഴിഞ്ഞ വ്യവസായ പ്രമുഖനെന്ന നിലയിലും രാഷ്ട്രീയരംഗത്തും ഭരണരംഗത്തും ജനപ്രതിനിധിയെന്ന നിലയ്ക്കും സേവനബന്ധിതമായ പ്രവർത്തനങ്ങൾക്ക് ഒരു ആമുഖം നൽകി മാതൃകാപരമായ പ്രവർത്തനം നടത്തിയ ഒരു സഹപ്രവർത്തകന്റെയും സുഹൃത്തിന്റെയും നേതാവിന്റെയും അകാലദേഹവിയോഗത്തിലുള്ള ദു:ഖത്തിൽ ഞാൻ പങ്കുചേരുകയാണ്. അദ്ദേഹത്തിന്റെ കുടുംബത്തിനും നാട്ടുകാർക്കും അദ്ദേഹത്തെ സ്നേഹിക്കുന്നവർക്കുമെല്ലാമുണ്ടായ ദു:ഖം വാക്കുകൾക്ക് അതീതമാണ്. ആ ദു:ഖത്തിൽ ഞാനും പങ്കുചേർന്നുകൊണ്ട് അദ്ദേഹത്തിന്റെ ദീപ്തമായ

തോമസ് ചാണ്ടിയുടെ ഓർമ്മകൾ സാധാരണക്കാരിൽ നിന്നും മാഞ്ഞുപോകുമെന്ന് ഞാൻ കരുതുന്നില്ല. അതുപോലെതന്നെ വലിയ കരിങ്കല്ലുണ്ട്. പക്ഷെ ആ വലിയ കരിങ്കല്ലുകൊണ്ട് സമൂഹത്തിന് എന്ത് നേട്ടം? പക്ഷെ ഒരു മിന്നൽ പിണർ കൊണ്ട് വഴിയാത്രക്കാരന് ചെറിയ പ്രകാശം കിട്ടി അപകടം കൂടാതെ നടന്നുപോകാൻ കഴിയും. അപ്പോൾ ആ പാറക്കൂട്ടങ്ങളെക്കാൾ എത്രയോ മഹത്തരമാണ് മിന്നൽ പിണർ എന്ന് കുമാരനാശാൻ പറഞ്ഞിട്ടുണ്ട്. അതുപോലെ പ്രിയങ്കരനായ തോമസ് ചാണ്ടി ഒരു മിന്നൽ പിണറിന്റെ സ്ഥാനത്തു നിന്നുകൊണ്ട് കുട്ടനാട്ടുകാർക്കും മറ്റുള്ളവർക്കും മാതൃകയായി പ്രവർത്തിച്ചുവെന്നതാണ് പ്രധാന കാര്യം. ഒരു ചെറിയ കാര്യം കൂടി ഞാൻ സൂചിപ്പിക്കുകയാണ്. ഇവിടെ കുട്ടനാട് പാക്കേജിനെപ്പറ്റി ശ്രീ. എ. കെ. ശശീന്ദ്രൻ പറഞ്ഞു. അദ്ദേഹം എത്രയോ ബുദ്ധിമുട്ടി ഉണ്ടാക്കിയതാണ് കുട്ടനാട് പാക്കേജ്. ആ കുട്ടനാട് പാക്കേജിന് എന്തു പറ്റി; എന്തുകൊണ്ട് തകർന്നു; കുട്ടനാട് പാക്കേജ് മുന്നോട്ടു കൊണ്ടുപോകാൻ കഴിയാതെ നശിപ്പിച്ചത് ആരാണെന്ന് ചിന്തിക്കുന്നത് നല്ലതാണ്. ഇപ്പോൾ ബഹുമാനപ്പെട്ട ഗവർണ്ണറെക്കൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കുട്ടനാട് പാക്കേജിനെക്കുറിച്ച് വായിപ്പിച്ചു. നന്നായി, സന്തോഷം

